# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 18 No. 04 PUBLISHED FROM DELHI PRICE Rs. 3/- APRIL 2014

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 20–ാം ജനറൽ കൺവൻഷൻ സമാപിച്ചു




പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ പാസ്റ്റർമാരായ സുമേഷ് പി. ലാസ്ർ, എബി ജോർജ്, വി.എം. ഏബ്രഹാം, ഡി.ജോൺ, അനിയൻ സാമുവൽ തുടങ്ങിയവർ.

**അടൂർ:** 2014 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 20–ാമത് ജനറൽ കൺവൻഷന് സംയുക്ത സഭായോഗത്തോടെ അനുഗ്രഹീതമായ പരിസമാപ്തി. ആത്മനിറവിലുള്ള ആരാധനയും അതിശക്തമായ ദൈവവചന ഘോഷണവും, ബൈബിൾ കോളജ് ബിരുദദാന ശുശ്രൂഷയും വർണ്ണാഭമായ വാർഷിക യോഗങ്ങളും കൺവൻഷനെ ശ്രദ്ധേയമാക്കി. ഫെബ്രുവരി 27–ാം തീയതി വൈകിട്ട് 6 മണിക്ക് പ്രാർത്ഥിച്ചാരംഭിച്ച കൺവൻഷൻ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു. മനുഷ്യന്റെ സർവ്വ പരാജയത്തിന്റെയും കാരണം ദൈവത്തിൽ നിന്നും ഓടി ഒളിക്കുന്നതാണെന്ന് പാസ്റ്റർ എം സാമുവൽകുട്ടി പ്രസ്താവിച്ചു. ദൈവജനം ദൈവത്തോട് ചേർന്ന് നടക്കുന്നവരാകണമെന്ന ആഹ്വാനവും അദ്ദേഹം നൽകി. കേരളാ റീജൻ കോ–ഓർഡിനേറ്ററും എഫ്.സി.ബി.സി പ്രിൻസിപ്പലുമായ

(ശേഷം നാലാം പേജിൽ)

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 6–ാമത് ബിരുദദാനം നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ അഞ്ചാമത് ബിരുദദാന ശുശ്രൂഷ 2014 മാർച്ച് 1 ശനിയാഴ്ച അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടന്നു. ക്രമീകൃതമായ വേദശാസ്ത്ര വിദ്യാഭ്യാസവും പ്രവർത്തി പരിചയവും കോർത്തിണക്കി സുവിശേഷവയലിലേക്ക് പരിശുദ്ധാത്മ ദർശനം പ്രാപിച്ച യുവതീയുവാക്കളെ പരിശീലിപ്പിച്ചയക്കുന്ന സ്ഥാപനം ഒമ്പതാമത് പ്രവർത്തന വർഷത്തിലേക്ക് പ്രവേശിച്ചു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 20 വിദ്യാർത്ഥികൾക്ക് 6–ാമത് ഗ്രാജുവേഷനിൽ ബിരുദം ലഭിച്ചു. ബിരുദദാരികളുടെ വർണ്ണശബളമായ പ്രവേശനത്തിന് ശേഷം ശുശ്രൂഷകൾ ആരംഭിച്ചു. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷനായിരുന്നു. ഗുണനിലവാരമുള്ള സുവിശേഷകരെ വാർത്തെടുക്കുന്നതാണ് എഫ്.സി.ബി.സിയുടെ ലക്ഷ്യമെന്ന് ഡയറക്ടറുടെ സന്ദേശത്തിൽ പാസ്റ്റർ എം. സാമുവൽകുട്ടി പറഞ്ഞു. ഈ വർഷത്തെ പഠന വിഷയമായി തിരെഞ്ഞെടുത്തത് കൊയ്ത്ത് വളരെയുണ്ട്, വേലക്കാരോ ചുരുക്കം എന്നതായിരുന്നു(മത്തായി 9:37). ഭാരത

(ശേഷം നാലാം പേജിൽ)




ബിരുദദാന ചടങ്ങിൽ ഡോ. സാം വിക്ലിഫ് മുഖ്യസന്ദേശം നൽകുന്നു.

വേദിയിൽ കേട്ടത്

## ദയാ ഹർജ്ജി പോക്കറ്റിലിട്ട് നടക്കരുത്

സമ്പാദകൻ: ഇവാ. ജോൺ സാമുവൽ മണക്കാല

ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആറാമത് ബിരുദദാന ചടങ്ങിൽ മുഖ്യ പ്രഭാഷകനായിരുന്ന ഡോ. സാം വിക്ലിഫിന്റെ പ്രഭാഷണത്തിൽ അദേഹം പറഞ്ഞ അർത്ഥസംമ്പുഷ്ടമായ പല ഉദാഹരണങ്ങളിൽ ഒന്ന് വളരെ ചിന്തനീയമായി തോന്നി.

കോടതിയിലെ പ്രതിക്കൂട്ടിൽ തികച്ചും നിർവ്വികാരനായി മരവിച്ചു നിൽക്കുന്ന കുറ്റവാളി. അപ്രതീക്ഷിതമായി ചെയ്തുപോയ കൊടിയ തെറ്റിന്റെ മുഴു പശ്ചാത്താപവും അവന്റെ മുഖത്ത് തെളിഞ്ഞു കാണാം. പ്രഗത്ഭനായ വക്കീൽ ശിക്ഷ ഇളവു ചെയ്തുകിട്ടാൻ പ്രതിക്കു വേണ്ടി ശക്തമായി വാദിച്ചു. പക്ഷെ സാഹചര്യതെളിവുകൾ എതിരായതിനാൽ കോടതി വധശിക്ഷ വിധിച്ച് പ്രതിയെ ജയിലിലേക്ക് അയച്ചു. നിശ്ചിത ദിവസം ശിക്ഷ നടപ്പിലാക്കും. ഇതിനിടെ പ്രസിഡന്റിനോട് ദയാഹർജിക്കായി അപേക്ഷ നൽകി. അദ്ദേഹം നിരുപാധികം അവന്റെ കൊടും കുറ്റങ്ങൾ മനഃപൂർവ്വം ക്ഷമിച്ച് വധശിക്ഷയിൽ നിന്ന് ഇളവു നൽകുന്നതായി പ്രഖ്യാപിച്ചുള്ള ഉത്തരവിൽ ഒപ്പ് ഇട്ട് ഒരു സന്ദേശവാഹകന്റെ കൈയ്യിൽ കൊടുത്തയച്ചു. പ്രസിഡന്റിന് നൽകിയ ദയാഹർജിയുടെ മറുപടി ലഭിക്കുവാൻ വൈകിയതിനാൽ ജയിൽ പുള്ളി ഇപ്പോൾ ആരാച്ചാരിനടുക്കലേക്ക് നടന്നടുക്കുകയാണ്. ജീവനും മരണത്തിനുമിടയിൽ ഇനി ഏതാനും നിമിഷങ്ങൾ മാത്രം. സകല പ്രതീക്ഷകളും തകരുന്നു. എത്രയും വേഗം ശിക്ഷ ഇളവ് നൽകിയ പ്രസിഡന്റിന്റെ ഉത്തരവ് എത്തേണ്ട സ്ഥലത്ത് കൃത്യസമയത്ത് എത്തിക്കേണ്ട സന്ദേശവാഹകൻ അതും

(ശേഷം രണ്ടാം പേജിൽ)

## ദൈവത്തോട് ചേർന്ന് നടക്കുന്നവരാകുക : പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:** മനുഷ്യന്റെ സർവ്വ പരാജയത്തിന്റെയും കാരണം ദൈവത്തിൽ നിന്നും ഓടി ഒളിക്കുന്നതാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 20–ാമത് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന സർവ്വ അസമാധാനങ്ങൾക്കും കാരണം ദൈവത്തോടുകൂടെ നടക്കേണ്ടുന്ന മനുഷ്യൻ ദൈവത്തെ വിട്ട് നടക്കുവാൻ തുടങ്ങിയതാണ്, ആദിമ മാതാപിതാക്കളെ പോലെ ദൈവത്തെ വിട്ട് ഓടി ഒളിക്കുന്നതാണ്. എന്നാൽ ദൈവത്തോട് കൂടെ നടക്കുക എന്നത് സന്തോഷകരവും സുരക്ഷിതവും അനുഗ്രഹപ്രദവുമാണ്. നാം ദൈവത്തോടുകൂടെ നടക്കുമ്പോൾ ദൈവത്തോടുള്ള

(ശേഷം രണ്ടാം പേജിൽ)

## പാപത്തെ കുടിയിറക്കുവാൻ വന്നവൻ ക്രിസ്തു :

പാസ്റ്റർ സുമേഷ് പി ലാസർ

**അടൂർ:** പാപത്തെ മാനവജാതിയിൽ നിന്നും കുടിയിറക്കുവാൻ വന്നവനാണ് ക്രിസ്തുവെന്ന് പാസ്റ്റർ സുമേഷ് പി. ലാസർ പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 20–ാമത് ജനറൽ കൺവൻഷന്റെ ആദ്യദിവസത്തെ പൊതുയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. പാപത്തെ നീക്കുവാനും മരണത്തെ നീക്കുവാനും പിശാചിനെ നീക്കുവാനുമാണ് യേശു ലോകത്തിൽ പ്രത്യക്ഷനായത്. നന്മയ്ക്കുപകരം തിന്മയെ തിരഞ്ഞെടുക്കുന്നതാണ് പാപം. ഏദെൻ തോട്ടത്തിൽ സന്നിവേശിക്കപ്പെട്ട പാപം ഇന്നും ഈ ലോകത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് മനുഷ്യൻ ഇവിടെ മൃഗതുല്യനായി പെരുമാറുന്നത്. പാപം മുഖാന്തരം ലോകത്തിൽ ഉളവായ മരണത്തെ നീക്കുവാൻ ക്രിസ്തു പ്രത്യക്ഷനായിയെന്ന് അദ്ദേഹം പ്രസ്താവിച്ചു.

## വസ്തുവിലല്ല, വ്യക്തിയിൽ പ്രസാദിക്കുന്നവനാണ് ദൈവം :

പാസ്റ്റർ രാജു ആനിക്കാട്

**അടൂർ:** നമ്മുടെ ദൈവം വസ്തുവിൽ പ്രസാദിക്കുന്ന ദൈവമല്ല മറിച്ച് വ്യക്തിയിൽ പ്രസാദിക്കുന്നവനാണെന്ന് പാസ്റ്റർ രാജു ആനിക്കാട് പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 20–ാമത് ജനറൽ കൺവൻഷന്റെ രണ്ടാം ദിവസത്തെ പൊതുയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. കയീനിൽ പ്രസാദിക്കാത്ത ദൈവം അവന്റെ യാഗത്തിലും പ്രസാദിച്ചില്ല. ഹാബേലിൽ പ്രസാദിച്ച ദൈവം അവന്റെ യാഗത്തിലും പ്രസാദിച്ചു. ഒരു വ്യക്തിയിൽ ദൈവത്തിനു പ്രസാദമില്ലെങ്കിൽ അവൻ സകലലോകവും നേടി അവന്റെ കാൽക്കൽ വച്ചാലും ദൈവം പ്രസാദിക്കുകയില്ല. പഴയ നിയമകാലത്തെ ആരാധന ശരിയാകണമെങ്കിൽ ആരാധകനും യാഗവസ്തുവും ആലയത്തിൽ എത്തണമായിരുന്നു. എന്നാൽ പുതിയ നിയമകാലത്തിൽ ആരാധകനും യാഗവസ്തുവും ആലയവും നാം തന്നെയാണ്. ദൈവം ചോദിക്കുന്നില്ലെങ്കിലും മനുഷ്യൻ യാഗ

(ശേഷം രണ്ടാം പേജിൽ)

## ഉപദേശ സത്യത്തിനുവേണ്ടി നിലകൊള്ളുക: പാസ്റ്റർ റോയി ഡാനിയേൽ

**അടൂർ:** കാലം മാറിയെന്ന് പറഞ്ഞ് ഉപദേശത്തിനു തിരുത്തൽ വരുത്തേണ്ട കാര്യമില്ല യെന്നും പിതാക്കന്മാർ നിലനിന്ന ഉപദേശ സത്യങ്ങൾക്ക് വേണ്ടി ഉറച്ച് നിലകെള്ളുവാൻ ദൈവമക്കൾ തയ്യാറാകണമെന്നന്നും പാസ്റ്റർ റോയി ഡാനിയേൽ മാത്യു പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 20–ാമത് ജനറൽ കൺവൻഷന്റെ മൂന്നാം ദിവസത്തെ പൊതുയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു. ദുരൂപദേശങ്ങളുടെ വേലിയേറ്റമുള്ള ഈ കാലഘട്ടത്തിൽ ദൈവവചനത്തിലെ അലങ്കനീയമായ ഉപദേശ സത്യങ്ങളെയും കർത്താവായ യേശുക്രിസ്തുവിന്റെ കല്പനകളെയും അപ്പൊസ്ഥലന്മാരാൽ സഭയ്ക്ക് നൽകപ്പെട്ട ഉപദേശങ്ങൾക്കും നൽകേണ്ട പ്രാധാന്യം ദൈവജനം മനസ്സിലാക്കണം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

പത്രാധിപ ലേഖനം.......

# വ്യാജോപദേശങ്ങളെ തിരിച്ചറിയുക



ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭ ആരംഭിച്ചത് 1990 മാർച്ച് 11 ഞായറാഴ്ച ഡൽഹിയിലെ കിംങ്ങ്സ് വേ ക്യാമ്പിൽ ഞങ്ങൾ താമസിച്ചുകൊണ്ടിരുന്ന ഭവനത്തിൽ വച്ചായിരുന്നു. ദൈവം തന്ന ദർശന പ്രകാരം വിശ്വാസത്താലുള്ള ഒരു ചുവടുവെയ്പ്പായിരുന്നു അത്. വിശ്വസ്ഥനായ ദൈവം കഴിഞ്ഞ 24 വർഷം അത്ഭുതകരമായി ഞങ്ങളെ സഹായിച്ചു. ഡൽഹിയിലും ബീഹാറിലും കേരളത്തിലും സഭകൾ സ്ഥാപിക്കുവാനും മറ്റനേകം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനും കർത്താവ് ഈ പ്രസ്ഥാനത്തെ ബലപ്പെടുത്തി. തൊണ്ണൂറിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ നിരുത്സാഹപൂർണ്ണമായ പല അഭിപ്രായങ്ങളും ഉയർന്നുവന്നെങ്കിലും തളരാതെ മുന്നേറുവാൻ ദൈവം എന്നെ ബലപ്പെടുത്തി. കാരണം ദൈവം തന്ന ദർശനത്തിന്റെ പൂർത്തീകരണത്തിനായി ഞാൻ പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരുന്നു. ദൈവമെന്നെ മുന്നോട്ട് നയിക്കുകതന്നെ ചെയ്യും എന്ന എന്റെ വിശ്വാസം കണ്ട് എന്നെ പ്രോത്സാഹിപ്പിച്ച ചുരുക്കം ചിലർ ഉണ്ടായിരുന്നുവെന്ന് നന്ദി പുരസരം ഞാൻ സ്മരിക്കുന്നു. കഴിഞ്ഞ 24 വർഷങ്ങൾ വലിയവനായ ദൈവം അത്ഭുതകരമായ പാതകൾ തുറന്നുതന്ന് ഈ പ്രവർത്തനത്തെ നയിച്ചു. ദൈവത്തിന് കോടാനുകോടി നന്ദി അർപ്പിക്കുന്നതോടൊപ്പംതന്നെ കർത്താവിന്റെ വരവുവരെയും വിശ്വസ്ഥരായി അവനെ സേവിക്കുവാനും അനേകരെ അവനായി ഒരുക്കിയെടുക്കുവാനും ഞങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

ദൈവവേലയ്ക്ക് ശിഷ്യന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 2006ൽ ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും ഇതിനോടകം 83 പേർ പഠനം പൂർത്തിയാക്കി ബിരുദം കരസ്ഥമാക്കുകയും ഇന്ത്യയുടെ പലഭാഗങ്ങളിൽ കർത്താവിനു വേണ്ടി പ്രയോജനപ്പെടുകയും ചെയ്യുന്നു എന്നതിൽ ഞങ്ങൾ കൃതാർത്ഥരാണ്. ഭാരതത്തിന്റെ ഓരോ മുക്കിലും മൂലയിലും രക്ഷണ്യ സുവിശേഷത്തെ പാനം ചെയ്യുവാനുള്ള ദാഹം ഒരു ഉണർവ്വിലേക്ക് രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കർത്താവിന്റെ വേലയിൽ പങ്കാളികൾ എന്നനിലയിൽ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭ വിശ്വാസത്തിന്റെ പ്രവർത്തികളെ തികച്ചെടുക്കുവാൻ നിശ്ചയദാർഢ്യത്തോടെ വീണ്ടും മുന്നേറുവാൻ ആഗ്രഹിക്കുന്നു.

ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ ഇരുപതാമത് ജനറൽ കൺവൻഷനും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആറാമത് ബിരുദദാന ശുശ്രൂഷയും മുൻകാലങ്ങളെക്കാൾ വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ നടത്തുവാൻ കൃപചൊരിഞ്ഞ ദൈവത്തിന് സകല മഹത്വവും നന്ദിയും അർപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ കർത്താവ് ശക്തമായി ഉപയോഗിക്കുന്ന ചില ദൈവഭൃത്യന്മാരെ വചനഘോഷണത്തിനായി ലഭിച്ചു. പെന്തക്കൊസ്തു പ്രസ്ഥാനങ്ങളിൽ നുഴഞ്ഞു കയറുന്ന ദുരുപദേശങ്ങൾക്കെതിരേ ഉള്ള ശക്തമായ ഖണ്ഡനം ഈ കൺവഷനിൽ മുഴങ്ങി കേട്ടു. ദൈവശ്വാസീയമായ ദൈവവചന ഉപദേശങ്ങളെ വളച്ചൊടിക്കുന്ന ആധുനിക ശുശ്രൂഷകർക്കെതിരെ വെല്ലുവിളി ഉയർത്താൻ ഈ കൺവൻഷന് സാധിച്ചു എന്നുള്ളത് സംതൃപ്തി നൽകുന്നതാണ്.

ദുരൂപദേശങ്ങൾക്കെതിരെ ശക്തമായ താക്കീത് പൗലൊസ് തിമൊഥെയോസിനുള്ള ഒന്നാം ലേഖനത്തിൽ നൽകിയിട്ടുണ്ട്. അവരുടെ അപകടകരമായ ഉപദേശങ്ങളെ നിശിതമായി അദ്ദേഹം ഖണ്ഡിച്ചിരിക്കുന്നു. അന്നത്തേതുപോലെതന്നെ വ്യാജഉപദേശങ്ങൾ ഇന്ന് ദൈവസഭയിൽ നുഴഞ്ഞു കയറുന്നതിനാൽ ശുശ്രൂഷകന്മാരും വിശ്വാസികളും ജാഗരൂകരായിരിക്കേണ്ടതാണ്. വ്യാജോപദേഷ്ടാക്കളെ നാം തിരിച്ചറിയണം. ഒന്ന്, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യോപദേശത്തോടും ദൈവീക കല്പനകളോടും ചേർന്നു നിൽക്കുവാൻ അവർ വിസമ്മതിക്കുന്നു. ദൈവവചന ഉപദേശങ്ങൾക്ക് സ്വന്തം വ്യാഖ്യാനങ്ങൾ നൽകി അത് ആകർഷകമായി അവതരിപ്പിച്ച് ജനഹൃദയങ്ങളിൽ തിരികിക്കയറ്റുന്നു. രണ്ട്, ദുരൂപദേശകന്റെ മനോഭാവം നാം അറിയണം. വിനയശീലനായിരിക്കേണ്ടതിനു പകരം വ്യാജോപദേഷ്ടാവ് ദുരഭിമാനിയായിരിക്കും. തങ്ങൾ പറയുന്നത് ഇന്നതെന്നും സ്ഥാപിക്കുന്നത് ഇന്നതെന്നും അവർ ഗ്രഹിക്കുന്നില്ല (1തിമൊ. 1:7). ഇങ്ങനെയുള്ള ദുരഭിമാനികളും ആത്മവഞ്ചകരുമായ ഗുരുക്കന്മാർ വാക്കുകളുടെ അർത്ഥം പോലുള്ള നിസാരകാര്യങ്ങളിൽ പൊതുവാദത്തിനൊരുമ്പെടും(1തിമൊ.6:3). ക്രിസ്തുവിന്റെ സുവിശേഷത്തിനു പകരം അവർ തർക്കത്തിന്റേയും വാഗ്വാദത്തിന്റേയും ഭ്രാന്ത് പിടിച്ച് ചീർത്തിരിക്കുന്നു (6:4). അനാത്മീകമായ അത്തരം ഉപദേശത്തിന്റെ ഫലമായി അസൂയ, ശണ്ഠ, ദൂഷണം, ദുസംശയം, വ്യർത്ഥവാദം എന്നിവ ഉളവാകുന്നു.

വ്യാജോപദേഷ്ടാക്കന്മാർ ദൈവഭക്തിയെ ആദായ സൂത്രമായി കരുതുന്നു (6:5–10). അവരുടെ ശുശ്രൂഷാപരിപാടി യഥാർത്ഥമല്ല. ദൈവഭക്തിയെന്ന് ഇവിടെ പറയുന്നത് പരിശുദ്ധാത്മ ശക്തിയിലുള്ള ഭക്തിയല്ല, മറിച്ച് ഭക്തിയുടെ വ്യവസായവത്കരണമാണ്. തന്റെ വിളിയും ശുശ്രൂഷയും ധനസമ്പാദനത്തിനുള്ള മാർഗമാകാതിരിപ്പാൻ പൗലൊസ് സദാ ശ്രദ്ധിച്ചിരുന്നു. ദുരാഗ്രഹിയെന്ന് ആരും പറയാതിരിപ്പാൻ ഒരിക്കൽ കൊരിന്തിൽ നിന്നുള്ള സാമ്പത്തിക സഹായം പോലും പൗലൊസ് നിരാകരിച്ചു. ജനങ്ങളെ സഹായിക്കാമെന്ന വ്യാജവാഗ്ദാനവുമായി ശുദ്ധഗതിക്കാരിൽ നിന്ന് ഉപായമാർഗത്തിൽ പണം തട്ടിയെടുക്കുന്ന മതപരമായ തട്ടിപ്പുകൾ ഇന്ന് കാണുന്നത് എത്ര ദാരുണമാണ്.

ധനം ഒരിക്കലും സംതൃപ്തി നൽകിത്തരുകയില്ല. ഉള്ള അവസ്ഥയിൽ സംതൃപ്തിയോടെയിരിപ്പാൻ പൗലൊസ് അഭ്യസിച്ചിരുന്നു. കൈവശമുള്ള പണത്തിൽ നിന്നല്ല ഹൃദയത്തിലെ ദൈവീകതയിൽ നിന്നാണ് യഥാർത്ഥ സംതൃപ്തി ഉളവാകുന്നത്. ഭൗതീക വസ്തുക്കളുടെ വശ്യത നശ്വരമാകയാൽ സമാധാനത്തിനും സുസ്ഥിര ശാന്തിക്കുംവേണ്ടി അവയിൽ ആശ്രയിക്കുന്ന വ്യക്തി ഒരിക്കലും സംതൃപ്തനാകയില്ല. ഒരുവന്റെ ആത്മാവ് ശരീരം വിട്ട് പോകുമ്പോൾ തന്നോടൊപ്പം ഒന്നും കൊണ്ടുപോകുന്നില്ല, കാരണം ഇവിടേക്ക് അയാൾ ഒന്നും കൊണ്ടുവന്നില്ല. സംതൃപ്തി നൽകുന്നതിനു പകരം സമ്പത്ത് ആർത്തി വർദ്ധിപ്പിക്കുന്നു. അതിന്റെ ഫലം പൗലൊസ് തെളിവായി വിവരിക്കുന്നു, മൗഢ്യവും ദോഷകരവുമായ മോഹങ്ങൾക്ക് ഇരയായിത്തീർന്ന് മനുഷ്യൻ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്നു (6:9). മതത്തെ ധനസമ്പാദനത്തിന് മറയാക്കിത്തീർക്കുന്നത് അപായകരമാണ്. വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ (5:18), എന്നാൽ പ്രയത്നത്തിന്റെ പ്രേരകഹേതു പണമായിരിക്കരുത്. അത് അവനെ യഥാർത്ഥ ഇടയനായിരിക്കാതെ കേവലം കൂലിക്കാരനാക്കി തീർക്കുന്നു. 'എനിക്ക് എന്ത് കിട്ടും എന്നല്ല, എന്തുമാത്രം നൽകുവാൻ എനിക്ക് കഴിയും' എന്നായിരിക്കണം നമ്മുടെ അന്വേഷണം.

ദൈവമക്കളെ വചനവിരുദ്ധമായി ചിന്തിപ്പിച്ച് വചനത്തെയും കർത്താവിന്റെ ആട്ടിൻകൂട്ടത്തേയും ആദരിക്കാത്ത കൊടിയ ചെന്നായ്ക്കളെ കണ്ടുണർന്ന് കർത്താവിന്റെ വരവുവരെയും ഉപദേശ സത്യത്തിനു വേണ്ടി നിലനിൽപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ, ആമേൻ.

*- പാസ്റ്റർ എം. സാമുവൽകുട്ടി*


## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയ് പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി



## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു.

**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


## ശിശുപ്രതിഷ്ഠ നടത്തി

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ ജനറൽ കൺവൻഷൻ സമാപന സമ്മേളനത്തിന് തിളക്കമായി നാലു ശിശുക്കളെ ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു. ഷിബു തമ്പി –സബീന ഷിബു, ഇവാ. സാംസൺ സാമുവൽ –സ്രവന്തി സാംസൺ, സാനു ജോൺ – സോഫി സാനു എന്നി ദമ്പതികളുടെ കുഞ്ഞുങ്ങളെയാണ് പ്രതിഷ്ഠിച്ചത്. പാസ്റ്റർ എം. സാമുവൽകുട്ടി പ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിച്ചു.

## പുത്രികാസംഘടനകളുടെ വാർഷികം

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ പുത്രികാ സംഘടനകളുടെ സംയുക്തവാർഷിക യോഗം 2013 മാർച്ച് 2 ശനിയാഴ്ച ഉച്ചയ്ക്ക് 2.30ന് അടൂർ മാർത്തോമ്മ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. എഫ്.സി.വൈ. എം. സെക്രട്ടറി സുവി. ജോൺസൺ ഡാനിയേൽ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ എഫ്.സി.എം.എഫ്. പ്രസിഡന്റ് പാസ്റ്റർ സാം വില്ല്യം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം. സാമുവൽകുട്ടി സമ്മേളനം ഉത്ഘാടനം ചെയ്തു. വിവിധ സംഘടനകളുടെ റിപ്പോർട്ടുകൾ സെക്രട്ടറിമാർ അവതരിപ്പിച്ചു. എഫ്.സി.വൈ. എം. പ്രസിഡന്റ് പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിപറഞ്ഞു. തുടർന്ന് സഭാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടന്നു

## ദൈവത്തോട് ചേർന്ന് നടക്കുന്നവരാകുക

(ഒന്നാം പേജിൽ നിന്നും തുടർച്ച)

സഖിത്വം, സംഭാഷണം, അടുപ്പം, ഒരുമിച്ചുള്ള തീരുമാനം എന്നിവയുണ്ടാകുന്നു. നാം ദൈവത്തോടുക്കൂടെ നടക്കുമ്പോഴാണ് ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ നമ്മെ അറിയിക്കുന്നത്. ദൈവത്തോടുകൂടെ നടക്കുന്നതിന്റെ രഹസ്യം ഹാനോക്ക് മനസ്സിലാക്കി. ദൈവത്തോടു കൂടെ നടക്കുവാൻ വേണ്ട വിശുദ്ധിയിൽ ജീവിതം നയിക്കാം എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

## വസ്തുവിലല്ല വ്യക്തിയിൽ പ്രസാദിക്കുന്ന ദൈവം

(ഒന്നാം പേജിൽ നിന്നും തുടർച്ച)

മർപ്പിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ദൈവം ആത്യന്തികമായി ചോദിക്കുന്നകാര്യം കൊടുക്കുവാൻ മനുഷ്യൻ തയ്യാറാകുന്നില്ല. ദൈവം ചോദിക്കുന്നത് കൊടുക്കാതെ നാം എന്തു കൊടുത്താലും ദൈവം പ്രസാദിക്കുന്നില്ല. ആടുകളേയും കാളകളെയും കൊണ്ടുള്ള മാനുഷിക യാഗങ്ങളിൽ പ്രസാദിക്കാതിരുന്ന ദൈവത്തെ പ്രസാദിപ്പിക്കുവാൻ കൽത്തളം മുതൽ കാൽവറി വരെ അടിയേറ്റ് യേശു കടന്നുപോയി. കണ്ടാൽ ആളല്ല എന്ന് തോന്നുമാറ് അവൻ വിരൂപനായിത്തീർന്നു. മാനവജാതിയുടെ പാപവും പേറി കാൽവറിയിൽ പിടഞ്ഞത് പിതാവിന് ഇഷ്ടമുള്ള യാഗമായിത്തീരാൻ വേണ്ടിയാണ്. ഈ ക്രിസ്തുവിന്റെ രക്തത്തിലൂടെ പിതാവിന്റെ ഇഷ്ടയാഗമായിത്തീരാൻ നമുക്ക് കഴിയുമെന്ന് അദ്ദേഹം ഓർപ്പിച്ചു.

## ദയാ ഹർജി പോക്കറ്റിലിട്ട് നടക്കരുത്

(ഒന്നാം പേജിൽ നിന്നും തുടർച്ച)

പോക്കറ്റിലിട്ട് ലോകപര്യടനത്തിന് പോയിരിക്കുകയാണ്.

പ്രീയരേ ഇപ്പോൾ ഇതിൽ ആരാണ് കുറ്റവാളി? നമുക്കു ചുറ്റും അസംഖ്യം ജനങ്ങൾ പാപത്തിന്റെ അനന്തര ഫലമായ നിത്യമരണത്തിലേക്ക് നിസ്സഹായരായി നടന്നു നീങ്ങുമ്പോൾ സൗജന്യമായി ലഭിക്കുന്ന രക്ഷയുടെ സുവിശേഷം മടക്കി വച്ചശേഷം പര്യടനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നത് തികച്ചും കുറ്റകരമാണ്. വിദേശങ്ങളിലേക്കുള്ള ലക്ഷ്യത്തേക്കാൾ അയൽവാസിയുടെ രക്ഷ ലക്ഷ്യമാക്കിയാൽ നന്ന്. പ്രസംഗിക്കുന്ന വചനം യാഥാർത്ഥ്യമാണെങ്കിൽ അത് പ്രായോഗികമാക്കണം. ജനലക്ഷങ്ങൾ നിത്യമരണത്തിൽ നിന്നും മഹത്വത്തിലേക്ക് മടങ്ങി വരട്ടെ!

### വേദിയിൽ കേട്ടത്

നന്മ തിരെഞ്ഞെടുക്കാതെ തിന്മ തിരെഞ്ഞെടുക്കുന്നതാണ് പാപം
പാസ്റ്റർ സുമേഷ് പി. ലാസർ

ദൈവത്തോടോപ്പം നടക്കാത്തവരുടെ പ്രവർത്തനങ്ങളിൽ ദൈവം കാണില്ല
പാസ്റ്റർ എം. സമുവൽകുട്ടി

ഒരു അത്ഭുതത്തിനായി ആഗ്രഹിച്ചാൽ, പ്രാർത്ഥിച്ചാൽ അത് താങ്ങാനുള്ള കരുത്ത് ആദ്യമേ നാം പ്രാപിക്കണം
പാസ്റ്റർ റോയി ഡാനിയേൽ മാത്യു

വിദ്യാഭ്യാസം വിദ്യാഭ്യാസത്തിനു ചെയ്യുവാൻ കഴിയുന്നത് ചെയ്യും, പ്രാർത്ഥന ദൈവത്തിന് ചെയ്യാൻ കഴിയുന്നതിനെ സാധിപ്പിക്കും
പാസ്റ്റർ ജോൺ സാമുവൽ മണക്കാല

പ്രാർത്ഥിക്കുമ്പോൾ പ്രതീക്ഷിക്കാത്തത് ലഭിക്കുമ്പോൾ ദൈവത്തിന്റെ ഹിതം അറിഞ്ഞ് പ്രാർത്ഥിക്കുക
പാസ്റ്റർ മനോജ് തമ്പി

ദൈവം ഒരു കാര്യം ഉച്ചരിച്ചാൽ അത് അപ്പോൾ തന്നെ ഉളവായി വരും
പാസ്റ്റർ രാജു ആനിക്കാട്

# ബിരുദദാനം - കൺവൻഷൻ ദൃശ്യജാലകം



ക്രിസ്തുവിനായ് മുന്നോട്ട് ... ബിരുദധാരികളും അതിഥികളും വേദിയിലേക്ക്




ചാരിതാർത്ഥ്യത്തോടെ.... കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ സന്ദേശം




പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്നു




മികവിന്റെ അംഗീകാരം... പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടീഫിക്കേറ്റുകൾ നൽകുന്നു



അഭിമാനത്തോടെ..... സപ്ലിമെന്റ് പാസ്റ്റർ എം. സാമുവൽകുട്ടി, ശ്രീ പി.സി. തോമസിന് കൈമാറി പ്രകാശനം ചെയ്യുന്നു



മഹത്തായ നിയോഗത്തിനായി... പാസ്റ്റർ എം. സാമുവൽകുട്ടിയും സദസും ബിരുദധാരികളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു



അസുലഭ നിമിഷം... ബിരുദധാരികൾ വിശിഷ്ട അതിഥികൾക്കും അദ്ധ്യാപകരോടും ഒപ്പം




വചനത്തിന്റെ ഉദ്ഘോഷണം .. പാസ്റ്റർ സുമേഷ് പി. ലാസർ കൺവൻഷനിൽ പ്രസംഗിക്കുന്നു



തിരുവെഴുത്തുകളുടെ പ്രതിധ്വനി...... പാസ്റ്റർ രാജു ആനിക്കാട് കൺവൻഷനിൽ പ്രസംഗിക്കുന്നു



വചനപ്രബോധനം...... പാസ്റ്റർ റോയി ഡാനിയേൽ മാത്യു കൺവൻഷനിൽ പ്രസംഗിക്കുന്നു

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO. DL 07/0138/12 - 14
NEWSPAPER REGN. No. 65362/97
Date of Publishing- 7th/8th of month

Mob : 9810084388, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കൺവൻഷൻ സമാപിച്ചു

(ഒന്നാം പേജിൽ നിന്നും തുടർച്ച)

പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ സുമേഷ് പി. ലാസർ (തെങ്ങമം) മുഖ്യ സന്ദേശം നൽകി. പാപത്തെ മാനവജാതിയിൽ നിന്നും കുടിയിറക്കുവാൻ വന്നവനാണ് ക്രിസ്തുവെന്ന് അദ്ദേഹം പ്രസ്താവിച്ചു. പാപത്തെ നീക്കുവാനും മരണത്തെ നീക്കുവാനും പിശാചിനെ നീക്കുവാനുമാണ് യേശു ലോകത്തിൽ പ്രത്യക്ഷമായത്. നന്മയ്ക്കുപകരം തിന്മയെ തിരഞ്ഞെടുക്കുന്നതാണ് പാപം. ഏദെൻ തോട്ടത്തിൽ സന്നിവേശിക്കപ്പെട്ട പാപം ഇന്നും ഈ ലോകത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് മനുഷ്യൻ ഇവിടെ മൃഗതുല്യനായി പെരുമാറുന്നതെന്ന് താൻ വിവരിച്ചു.

ഫെബ്രുവരി 28ന് രാവിലെ 10 മണിക്ക് ശുശ്രൂഷക സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. പാസ്റ്റർ ജോൺ സാമുവൽ മണക്കാല ക്ലാസ്സുകൾ നയിച്ചു. വൈകിട്ട് നടന്ന പൊതുയോഗത്തിൽ പാസ്റ്റർ രാജു ആനിക്കാട് (വൈക്കം) ദൈവവചനം ശുശ്രൂഷിച്ചു. നമ്മുടെ ദൈവം വസ്തുവിൽ പ്രസാദിക്കുന്ന ദൈവമല്ല മറിച്ച് വ്യക്തിയിൽ പ്രസാദിക്കുന്നവനാണെന്നും ഒരു വ്യക്തിയിൽ ദൈവത്തിനു പ്രസാദമില്ലെങ്കിൽ അവൻ സകലലോകവും നേടി അവന്റെ കാൽക്കൽ വച്ചാലും ദൈവം പ്രസാദിക്കുകയില്ല എന്ന് പാസ്റ്റർ രാജു പ്രസ്താവിച്ചു. യോഗത്തിൽ പാസ്റ്റർ ഡി. ജോൺ അദ്ധ്യക്ഷത വഹിച്ചു.

മാർച്ച് 1 ശനിയാഴ്ച രാവിലെ 10:30 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആറാമത് ബിരുദദാന ശുശ്രൂഷ അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടന്നു. ഉച്ചയ്ക്ക് രണ്ടര മണിക്ക് പുത്രികാ സംഘടനകളുടെ വാർഷിക സമ്മേളനം പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു. എഫ്.സി.എം.എഫ്. റീജൻ പ്രസിഡന്റ് പാസ്റ്റർ സാം വില്ല്യം അദ്ധ്യക്ഷത യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. വൈകിട്ട് നടന്ന പൊതുയോഗത്തിൽ പാസ്റ്റർ ടി.ഡി. സുധാകരൻ (ഡൽഹി) അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ റോയി ഡാനിയേൽ മാത്യു (ജനറൽ സെക്രട്ടറി, ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ്) വചനഘോഷണം നടത്തി. ദുരൂപദേശങ്ങളുടെ വേലിയേറ്റമുള്ള ഈ കാലഘട്ടത്തിൽ ദൈവവചനത്തിലെ അലങ്കനീയമായ ഉപദേശ സത്യങ്ങളെയും കർത്താവായ യേശുക്രിസ്തുവിന്റെ കല്പനകളെയും അപ്പൊസ്ഥലന്മാരാൽ സഭയ്ക്ക് നൽകപ്പെട്ട ഉപദേശങ്ങൾക്കും നൽകേണ്ട പ്രാധാന്യം ദൈവജനം മനസ്സിലാക്കണം എന്ന് താൻ ആഹ്വാനം ചെയ്തു.

ആരാധനയ്ക്കും സംഗീത ശുശ്രൂഷയ്ക്കും ഫെയ്ത്ത് സീയോൻ സിംഗേഴ്സ് കേരളം, ഡൽഹി ടീമുകൾ നേതൃത്വം നൽകി. ഇവ. ജോസ്ദാനം, ഡേവിഡ് സാം, പാസ്റ്റർമാരായ ബെൻസി ജോർജ്, ബോബി പി. ജോൺ, ബിനോയി പി. ജോൺ, ബിനു ജോൺ എന്നിവർ ക്വയറിന് നേതൃത്വം നൽകി.

മാർച്ച് 2-ന് രാവിലെ 8 മണിക്ക് സ്നാനാർത്ഥികൾക്കുള്ള ക്ലാസ്സ് പാസ്റ്റർ എം. സാമുവൽകുട്ടി നയിച്ചു. 9 മണിക്ക് പാസ്റ്റർ എം. സാമുവൽകുട്ടി സ്നാന ശുശ്രൂഷ നിർവ്വഹിച്ചു. ഏഴു പേർ യേശുവിനെ ജലത്തിൽ സാക്ഷീകരിച്ചു. 10 മണിക്ക് ഐക്യസഭായോഗം കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പാസ്റ്റർ മനോജ് തമ്പി സങ്കീർത്തന പ്രബോധനം നടത്തി. ക്രൈസ്തവ സമൂഹത്തിന്റെ നിലനിൽപ്പും പ്രത്യശയും അടിസ്ഥാനപ്പെട്ടിരിക്കുന്നത് പ്രാർത്ഥനയിലും അതിന്റെ അനന്തസാധ്യതകളിലേക്കും ജനം മടങ്ങിവരണമെന്ന് 65-ാം സങ്കീർത്തനം അടിസ്ഥാനമാക്കി അദ്ദേഹം പ്രസ്താവിച്ചു. ഇവാ. സാംസൺ സാമുവൽ, പാസ്റ്റർ എം സാമുവൽകുട്ടി എന്നിവർ പ്രസംഗിച്ചു. ക്രിസ്തു ഇല്ലത്ത ജീവിതം കുറ്റകൃത്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുമെന്ന് ഇവ.സാംസൺ പ്രസ്താവിച്ചു. ദുരൂപദേശങ്ങളും ക്രൈസ്തവ പീഢനങ്ങളും കൂടിവരുന്ന ഈ കാലഘട്ടത്തിൽ ദൈവമക്കൾ ജാഗ്രതയുള്ളവരും പ്രത്യാശയുള്ളവരും ആയിരിക്കേണമെന്ന് സമാപന സന്ദേശത്തിൽ പാസ്റ്റർ എം. സാമുവൽകുട്ടി ഓർമ്മിപ്പിച്ചു. കടന്നുവന്ന ദൈവമക്കൾ എല്ലാവരും ചേർന്ന് ഒറ്റ വാക്കിൽ സാക്ഷ്യം പറഞ്ഞിരുന്നത് കൗതുകമുണർത്തി. തുടർന്ന് നാലു കുഞ്ഞുങ്ങളെ പാസ്റ്റർ എം സാമുവൽകുട്ടി ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു. തുടർന്ന് പാസ്റ്റർ എം സാമുവൽ കുട്ടി കർത്തൃമേശാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ആത്മാവിലുള്ള ആരാധനയുടെ നിറവിൽ സാഹോദര്യത്തിന്റെ ചുംബനങ്ങൾ പങ്ക് വച്ച് സ്നേഹവിരുന്നോടെ 20-ാം ജനറൽ കൺവൻഷന് തിരശ്ശീല വീണു.

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 6-ാമത് ബിരുദദാനം നടന്നു

(ഒന്നാം പേജിൽ നിന്നും തുടർച്ച)

സുവിശേഷീകരണത്തിൽ ഐ.സി.എം. പ്രതിജ്ഞാബദ്ധരാണെന്ന് പാസ്റ്റർ എടുത്തുപറഞ്ഞു. ഡോ. സാം വിക്ലിഫ് മുഖ്യാതിഥിയായിരുന്നു. വിവിധ നിലവാരത്തിലുള്ള ജനം യേശുവിന്റെ ചുറ്റും ഉണ്ടായിരുന്നു, അവരെ കണ്ടിട്ടാണ് കൊയ്ത്ത് വളരെ ഉണ്ട് എന്ന് യേശു പറഞ്ഞത്. ഫലകരമായ കൊയ്ത്തിന് പ്രാർത്ഥന പ്രധാന ഘടകമാണ്. ഇന്ത്യയിലുള്ള 122 കോടി ജനങ്ങൾക്കായി കൊയ്ത്തിന്റെ യജമാനനോട് പ്രാർത്ഥിക്കാം. സുവിശേഷീകരണം നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. വാഗ്ചാതുര്യമോ, വിദ്യാഭ്യാസ യോഗ്യതയോ സുവിശേഷീകരണത്തിന് തടസമല്ലയെന്ന് ഡോ. സാം ചൂണ്ടികാട്ടി.

വിദ്യാർത്ഥികളുടെ പ്രതിനിധിയായി ബ്രദർ വില്ല്യം ജോസഫ് പ്രസംഗിച്ചു. ബ്രദർ റെജി സാമുവൽ പരിഭാഷപ്പെടുത്തി. പാസ്റ്റർ എം. സാമുവൽകുട്ടി ഗ്രാജുവേറ്റ്സിന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പഠനത്തിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകൾ ഡോ. സാം വിക്ലിഫ് വിതരണം ചെയ്തു. പാസ്റ്റർ റെജി എൻ. ജെ. വിദ്യാർത്ഥികളുടെ നന്ദി പ്രകാശനം നടത്തി. പാസ്റ്റർ സ്റ്റാൻലി പി. വർഗ്ഗീസ് വേദഭാഗം വായിച്ച് പാസ്റ്റർ മനോജ് തമ്പിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ കോളജ് ഡീൻ പാസ്റ്റർ സുമേഷ് പി. ലാസർ സ്വാഗതവും പാസ്റ്റർ ജയപ്രകാശ് നന്ദിയും പറഞ്ഞു. സുവി. രാജൻ കെ.എസ്, പാസ്റ്റർ ബിനോയി പി. ജോൺ, പാസ്റ്റർ ജോൺ സാമുവൽ മണക്കാല, ശ്രീ പി.സി. തോമസ് (റിട്ട.ജനറൽ മാനേജർ, പ്ലാന്റേഷൻ കോർപ്പറേഷൻ) ബ്രദർ ശീലാസ് സാമുവൽ (ട്രഷറാർ, ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ) എന്നിവർ ബിരുദധാരികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ ബിരുദധാരികളെ അവതരിപ്പിച്ചു. കോളജ് വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ് കോഴ്സുകളെക്കുറിച്ചുള്ള വിശദീകരണം നടത്തി. പാസ്റ്റർ ഷാജി എസ് സമാപന പ്രാർത്ഥന നടത്തി പാസ്റ്റർ എം. സാമുവൽകുട്ടിയുടെ ആശീർവാദത്തോടെ ആറാമത് ബിരുദദാന സമ്മേളനം സമാപിച്ചു.

### ഉറവ

## കനൽ പാകിയ പാതയിലെ ഭക്തി ഗായകൻ



ഇവാ. ജോൺ സാമുവൽ മണക്കാല

മലയാള ക്രൈസ്തവ സംഗീതലോകത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച അനുഗ്രഹീത ഗായകനും സംഗീത സംവിധായകനുമായ പാസ്റ്റർ പി.എം. ഭക്തവത്സലനെ ഞാൻ ആദ്യമായി മുഖാമുഖം കാണുന്നതും പരിചയപ്പെടുന്നതും തൃശൂർ ജില്ലയിൽ കുന്നംകുളത്തിനടുത്ത് പഴഞ്ഞി എന്ന സ്ഥലത്ത് ഒരു സുവിശേഷപ്രസംഗത്തിനായി ചെന്നപ്പോഴാണ്. പ്രസന്നതയും പുഞ്ചിരിയും, എളിമയും, ലാളിത്യവും അണയാത്ത സുവിശേഷാഗ്നിയും, സൗഹാർദ്ദവും, ഘനഗാംഭീര്യ ശബ്ദവും, സംഗീതവും, ആതിഥ്യമര്യാദയുമൊക്കെ ജീവിതത്തിന്റെ ഭാഗമാക്കിയ വ്യക്തിത്വത്തിനുടമയാണ് ഭക്തവത്സലൻ.

1949 ജൂൺ 6-ന് രക്ഷാസൈന്യം (SALVATION ARMY) സഭാവിഭാഗത്തിന്റെ ശുശ്രൂഷകനായിരുന്ന പുലിമുഖത്ത് കുടുംബത്തിൽ സി. മത്തായി-ഏലിയാമ്മ ദമ്പതികളുടെ മകനായി ഭക്തവത്സലൻ ജനിച്ചു. കലാലയ കാലഘട്ടത്തുതന്നെ സ്പോർട്ട്സ്, ഗെയിംസ്, സംഗീതം തുടങ്ങി വിവിധ കലാകായിക പരിപാടികളിൽ താൻ തന്റെ പ്രതിഭ തെളിയിച്ചു. ജന്മസിദ്ധമായി തനിക്കു ലഭിച്ച കഴിവുകളെ പഠനകാലത്തു വളർത്തിയെടുക്കുവാൻ അവസരം കണ്ടെത്തി. അധികം വൈകാതെ സ്വന്തമായി ട്രൂപ്പ് ആരംഭിച്ച് നൃത്തം, നാടകം, കഥാപ്രസംഗം, ഗാനമേള തുടങ്ങി വിവിധ പരിപാടികൾ നിരവധി വേദികളിൽ അവതരിപ്പിച്ചു. കലയുടെ പുറകെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഓടി നടന്ന തന്നെ നിയന്ത്രിക്കുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല.

മകന്റെ മാനസാന്തരത്തിനായി മാതാപിതാക്കൾ മനംനൊന്ത് കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1971 ഏപ്രിൽ 13 പെസഹാ വ്യാഴം. മർത്തോമാ സഭ ഒരുക്കിയ വേദിയിൽ പിതാവിന്റെ പ്രസംഗം നടക്കുന്നു. അന്നു രാത്രി വളരെ വൈകി വീട്ടിലെത്തിയ ഭക്തവത്സലന് ഉറക്കം വന്നില്ല. ഏതോ ഭീതിയും അസ്വസ്ഥതയും. ഒടുവിൽ പിതാവിനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു. പിതാവ് മകനെ നോക്കി മോനെ നിന്നെ ദൈവത്തിന് ആവശ്യമുണ്ട് എന്നു പറഞ്ഞു. അടുത്ത നിമിഷം മുതൽ കൺമുൻപിൽ മുൾമുടിധരിച്ച ക്രൂശിതനായ യേശുവിന്റെ രൂപം. എത്ര ശ്രമിച്ചിട്ടും അത് മാറുന്നില്ല. തന്നെ നോക്കി കരയുന്ന യേശു. അവിടുന്ന് തന്നോട് ചോദിക്കുന്ന ചോദ്യം കാതുകളിൽ മുഴങ്ങി; നിന്നെ ഇത്ര സ്നേഹിച്ച എനിക്കായ് ഒരു പാട്ടുപോലും നീ പാടിയില്ലല്ലോ? അന്നു രാത്രി നിലവിളിയോടെ പാപക്ഷമയ്ക്കായി യാചിച്ചു. യേശുവിനുവേണ്ടി ജീവിതം പൂർണ്ണമായി സമർപ്പിച്ചു. യേശു ഹൃദയത്തിൽ വന്നു. പിതാവ് ഭക്തന്റെ ശിരസ്സിൽ കരം വച്ച് പ്രാർത്ഥിച്ചു. അടുത്ത ദിവസം ദുഃഖവെള്ളിയാഴ്ച തന്റെ പ്രസംഗവേദിയിൽ മോൻ ഇപ്പോൾ പാടും എന്നു പറഞ്ഞു. ലജ്ജ കാരണം അന്നുവരെ ക്രിസ്തീയ ഗാനങ്ങൾ ഒരു സ്റ്റേജിൽ പോലും ആലപിച്ചിട്ടില്ലാത്ത ഭക്തവത്സലൻ മണിക്കൂറുകൾക്ക് മുൻപ് യേശുക്രിസ്തുവിനായ് ജീവിതം സമർപ്പിച്ചപ്പോൾ ഹൃദയത്തിൽ നിന്നും ഉയർന്നുവന്ന വരികൾ എഴുതി ട്യൂൺ ചെയ്തു. പ്രഥമഗാനത്തിന്റെ പിറവി. ഭക്തൻ ആ ഗാനം ഇങ്ങനെ പാടി തുടങ്ങി,

ആ കാൽവറിക്രൂശിൽ നീ നോക്കൂ
രക്തം ചൊരിയുന്ന മേനി
രക്ഷകൻ യേശു മഹേശൻ

നിറമിഴികളോടെ, ആ ഗാനാലാപനം കേട്ടുകൊണ്ടിരുന്ന ദൈവമക്കൾ പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചതിനാൽ നന്ദിയോടെ ദൈവത്തെ സ്തുതിച്ചു.

പഴയ വേദികളോടും ഗാനങ്ങളോടും താൻ വിടപറഞ്ഞു. തുടർന്നിങ്ങോട്ടുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. ഭക്തിയുടെയും വിശ്വാസത്തിന്റെയും തനിമ നിറയുന്ന അനുഭവത്തിന്റെ വർണ്ണക്കൂട്ടിൽ ചാലിച്ച നിരവധി ഗാനങ്ങൾ ഭക്തവത്സലന്റെ തൂലികയിൽ നിന്നും ജന്മംകൊണ്ടു. താൻ രചിച്ചതും ഈണം നൽകിയതുമായ ഗാനങ്ങൾ നിരവധിയാണ്. ആത്മീയ ചൈതന്യം തുളുമ്പുന്ന ആ ഗാനങ്ങൾ ഇന്ന് ആയിരങ്ങൾ പാടി ദൈവത്തെ ആരാധിക്കുന്നു. ആരാധ്യനെ, പാഹിമാം ജഗദീശ്വരാ, ജീവിത സാഗരത്തിൽ, ഉയർന്നിതാ വാനിൽ, നിശയുടെ നിശബ്ദതയിൽ, ഭാരതശോഭിത, കനിവേറും യേശുനാഥാ, മായയാം ഈ ലോകം, പാടുവാൻ എനിക്കില്ലിനി ശബ്ദം, മിഴിയിണ നിറയുന്നു, ആശ്രയം ചിലർക്ക് രഥത്തിൽ, യഹോവെ നീയെന്നെ, ദിനം തോറും, മനുജാ നീ മറക്കരുതേ, ചാരായം കുടിക്കരുതേ, പരിശുദ്ധൻ മഹോന്നത ദേവൻ, ഉയർത്തിടുവിൻ ദീപങ്ങൾ നിൻ കരത്തിൽ, ആശ്രയമായ് എനിക്കേശുമാത്രം, മനസ്സലിവിൻ മഹാദൈവമേ, എന്താനന്ദം എനിക്കെന്താനന്ദം തുടങ്ങി നൂറുകണക്കിന് അനശ്വരഗാനങ്ങൾ ക്രിസ്തീയ ഗാനശാഖയെ വാനോളമുയർത്തുന്നതിനു കാരണമായി.

1976 മുതൽ ഭക്തൻ ഇന്ത്യാ ക്യാമ്പസ് ക്രൂസേഡുമായി ചേർന്നു പ്രവർത്തിക്കുവാൻ തുടങ്ങി. ഹാർട്ട്ബീറ്റ്സിന്റെ ഡയറക്ടറായി അനേക വർഷങ്ങൾ പ്രവർത്തിച്ച താൻ തമിഴ്, കന്നട, മലയാളം ഭാഷകളിലായി നിരവധി ആൽബങ്ങൾ പുറത്തിറക്കി. ഫീബാ, വിശ്വവാണി എന്നീ റേഡിയോകളിൽ പ്രോഗ്രാമുകൾ അവതരിപ്പിച്ചിട്ടുണ്ട്. പതിറ്റാണ്ടുകളായി ബാംഗ്ളൂരിൽ കുടുംബമായി താമസിച്ച് പ്രേക്ഷിതവൃത്തി ചെയ്യുന്ന അദ്ദേഹം ഫെല്ലോഷിപ്പ് ഓഫ് പെന്തക്കോസ്ത് എന്ന സംഘടനയുടെ ജനറൽ കൺവീനറായും പ്രവർത്തിക്കുന്നു. ഇന്ത്യ ദൈവസഭയുടെ ഓർഡിനേറ്റഡ് പാസ്റ്ററായ ഭക്തവത്സലന്റെ ഭാര്യ: ബീന, മക്കൾ: ബിബിൻ, ബിനി, ബെഞ്ചി.

കനൽ പാകിയ പാതയിലൂടെ അണഞ്ഞുപോകും എന്ന് കരുതിയ ആ തിരിനാളം കർത്താവിനു വേണ്ടി വീണ്ടും പ്രകാശം പരത്തി ഗാനങ്ങൾ ആലപിച്ച് ഇന്നും മുന്നോട്ട് യാത്ര തുടരുന്നു.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442